ഉത്തരം

(എ) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 1460807 കുടുംബങ്ങളും എ.എ.വൈ വിഭാഗത്തിൽപ്പെട്ട 589946 കുടുംബങ്ങളും എ.പി.എൽ വിഭാഗത്തിൽപ്പെട്ട 670173 കുടുംബങ്ങളും ഉൾപ്പെടെ 2720926 കുടുംബങ്ങൾക്ക് രണ്ടു രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു.

(ബി) ഉണ്ട്. ഇതിനായി അതാത് ക്ഷേമനിധി ബോർഡിൽ അംഗമാണ് എന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കിയാൽ മതിയാകും.

(സി) വിവിധ ക്ഷേമനിധികളിൽ അംഗങ്ങളായവർ ഉൾപ്പെടെയുള്ള 40 ലക്ഷം കുടുംബങ്ങൾക്ക് രണ്ടു രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

സപ്ലൈകോ വഴിയുള്ള അവശ്യ സാധനങ്ങളുടെ വിതരണം

90 (156) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ വഴി 13 അവശ്യസാധനങ്ങൾ നിശ്ചിത വിലയ്ക്ക് വിൽക്കുന്നുണ്ടോ ; എങ്കിൽ ഇവ ഏതൊക്കെ ; ഓരോന്നിന്റെയും കിലോ ഗ്രാമിലുള്ള വില എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോ വഴി എത്ര വില്പനശാലകൾ തുറന്നിട്ടുണ്ട് ; എവിടെയെക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി മാറ്റുന്ന പ്രക്രിയ ഏത് ഘട്ടം വരെയായി ;

(ഡി) സംസ്ഥാനത്ത് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ തുറന്നിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സപ്ലൈകോ വിൽപ്പനശാലകൾ വഴി ഇപ്പോൾ നൽകുന്ന സബ്സിഡി ഇനങ്ങൾ.

	ഇനം	സപ്ലൈകോ വില
	(1)	(2)
1	ചെറുപയർ	28
2	ഉഴുന്നു തൊലി കളഞ്ഞത്	36
3	ഉഴുന്ന് പിളർന്നത്	31
4	വൻകടല	20
5	വൻപയർ	26.50

LIBRARY ARCHIVES Kerala Legislative Assembly

	(1)	(2)
6	തുവരപ്പരിപ്പ്	34
7	പീസ് പരിപ്പ്	18
8	മുളക്	45
9	മല്ലി	39
10	ജീരകം	96
11	കടുക്	22
12	ഉലുവ	28
13	പഞ്ചസാര	25 (14-12-2010 മുതൽ)
14	പുഴുക്കലരി	12.70.
15	പച്ചരി	12.70

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവ് പ്രതീക്ഷിക്കുന്ന സ്ഥലങ്ങളിലുള്ള മാവേലി സ്റ്റോറുകളെയാണ് സൂപ്പർമാർക്കറ്റുകളാക്കി ഉയർത്താൻ ഇപ്പോൾ നടപടി എടുത്തു വരുന്നത്. ഈ സാമ്പത്തിക വർഷം ഇത്തരത്തിലുള്ള 100 സൂപ്പർ മാർക്കറ്റുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) ഉണ്ട്. മണ്ണാർക്കാട്, സുൽത്താൻ ബത്തേരി, കൽപ്പറ്റ (2), മൂന്നാർ, തിരുവനന്തപുരം (2), വടക്കൻ പറവൂർ എന്നിവിടങ്ങളിലാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്.

അന്ത്യോദയ അന്നയോജന പദ്ധതിയും അന്നപൂർണ്ണ പദ്ധതിയും

91 (157) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്ത്യോദയ അന്നയോജന പദ്ധതിപ്രകാരം 593800 ഗുണഭോക്താക്കളെ കണ്ടെത്താൻ കേന്ദ്രം സംസ്ഥാനത്തോട് നിർദ്ദേശിക്കുക ഉണ്ടായിട്ടുണ്ടോ ;

(ബി) ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിലെ കാലതാമസം കാരണം 22048 കുടുംബങ്ങളെ പ്രസ്തുത പദ്ധതിയിൽ ഇനിയും കണ്ടെത്താൻ സംസ്ഥാന സർക്കാരിനായിട്ടില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) അന്നപൂർണ്ണ പദ്ധതിയിൽ ഗുണഭോക്താക്കളായി 44980 പേരെ കേന്ദ്രം നിർദ്ദേശിച്ചപ്പോൾ 41827 പേരെ മാത്രമേ സംസ്ഥാനത്തിന് കണ്ടെത്താനുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly